| 29-04-2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
| --- | --- | --- | --- | --- |

## മധുരമായ കുട്ടികളേ- എത്രതന്നെ സഹിക്കേണ്ടി വന്നാലും ഈ അന്തിമ ജന്മത്തിൽ തീർച്ചയായും പവിത്രമാകണം, ബാബയ്ക്ക് പവിത്രതയുടെ തന്നെ സഹയോഗമാണ് വേണ്ടത്.

**ചോദ്യം:-** മനസ്സിലാക്കുന്നതിന് വേണ്ടി നല്ല വിശാല ബുദ്ധി ആവശ്യമുള്ള അന്തിമ ദൃശ്യം ഏതായിരിക്കും?
**ഉത്തരം:-** അന്തിമ ദൃശ്യം സർവ്വരും തിരിച്ചു പോകുന്നതിന്റേതായിരിക്കും.... പറയാറുണ്ട് രാമൻ പോയി, രാവണനും പോയി.... ബാക്കി സൃഷ്ടിയുടെ ശുദ്ധീകരണം ചെയ്യുന്നവരും പുതിയ ലോകത്തിന്റെ തയ്യാറെടുപ്പ് ചെയ്യുന്നവരുമായി കുറച്ച് പേർ അവശേഷിക്കും. നമ്മളും പോകും, ജയിച്ചിടത്ത് തന്നെ ജന്മം എടുക്കും. ഭാരതത്തിൽ തന്നെ ജനിക്കും, ബാക്കി എല്ലാം നശിച്ചു പോകും. ധനവാൻമാരായ രാജാക്കൻമാർ അവശേഷിക്കും, അവിടെ നാം ജന്മമെടുക്കും. പിന്നെ നമ്മൾ സൃഷ്ടിയുടെ അധികാരിയായി തീരും. ഇത് മനസ്സിലാക്കുന്നതിന് വിശാല ബുദ്ധി ആവശ്യമാണ്.

**ഗീതം:-** നയനഹീനർക്ക് വഴി കാണിച്ചു തരൂ പ്രഭൂ.....

**ഓം ശാന്തി**. കുട്ടികൾ ഗീതം കേട്ടു. പറയാറുണ്ട്- അല്ലയോ പ്രഭൂ, ഞങ്ങൾ അന്ധരാണ്. വാതിലുകൾ തോറും അലഞ്ഞ് അലഞ്ഞ് കഷ്ടപ്പാടനുഭവിച്ചു കൊണ്ടിരിക്കുന്നു. സ്വയം സ്വയത്തോട് പറയുന്നു- ഞങ്ങൾ അന്ധരുടെ സന്താനങ്ങളാണെന്ന്. അല്ലയോ പ്രഭൂ, വരൂ. ഗുരുക്കൻമാരുടെയടുത്ത്, ക്ഷേത്രങ്ങളിൽ, നദികളിൽ അലഞ്ഞു കൊണ്ടിരിക്കുന്നു. ബാബ നമ്മുടെ അച്ഛനാണെന്നതിന്റെ അർത്ഥം മനസ്സിലാക്കുന്നില്ല. പ്രഭുവിന് പോലും അനേകം നാമങ്ങൾ നല്കിയിട്ടുണ്ട്. പറയുന്നു- നിരാകാരൻ നാമരൂപത്തിൽ നിന്നും വേറിട്ടവനാണെന്ന്. ഇപ്പോൾ നാമ രൂപത്തിൽ നിന്നും വേറിട്ട ഒരു വസ്തുവുമില്ല. നിങ്ങൾ പറയാറുണ്ട്- പരമപിതാ പരമാത്മാവിന് നാമരൂപത്തിൽ നിന്നും വേറിടാൻ സാധിക്കുമോ? അന്ധരാണെന്ന് മനുഷ്യർ സ്വയം പാടികൊണ്ടിരിക്കുന്നു. ബാബ വന്ന് മാർഗ്ഗം പറഞ്ഞു തരുമ്പോഴാണ് നമ്മൾ മക്കളായി തീരുന്നത്. ജ്ഞാനസാഗരനായ ബാബ കുട്ടികളെ പഠിപ്പിക്കുന്നു, മുക്തി ജീവൻമുക്തിയലേക്കുള്ള മാർഗ്ഗവും പറഞ്ഞു തരുന്നു. വേറൊരു സന്യാസിക്കോ മുക്തി ജീവൻമുക്തിയിലേക്കുള്ള മാർഗ്ഗം പറഞ്ഞു തരാൻ സാധിക്കില്ല. അപ്പോൾ അവരെ ഗുരുവെന്ന് എങ്ങനെ പറയും? ഡ്രാമയിൽ അവർക്കും പാർട്ടുണ്ട്. ഭാരതത്തെ പവിത്രതയുടെ ആധാരത്തിൽ താങ്ങി നിർത്തുന്നു. പവിത്രമായി ജീവിക്കുന്നുണ്ട്, എന്നാൽ ജ്ഞാനയോഗത്തിലൂടെയല്ല പവിത്രമാകുന്നത്. മരുന്ന് കഴിച്ച് ഇന്ദ്രിയങ്ങളെ നിർജീവമാക്കുന്നു, ഇതിൽ യാതൊരു ശക്തിയുമില്ല. ഗൃഹസ്ഥത്തിലിരുന്ന് കൊണ്ടും അഥവാ സ്ത്രീ- പുരുഷൻ വിവാഹം ചെയ്തുകൊണ്ടും പവിത്രമായി ജീവിക്കുമ്പോഴാണ് ശക്തിയെന്നു പറയുന്നത്. അവരെയാണ് ബാലബ്രഹ്മചാരി ദമ്പതി എന്നു പറയുന്നത്. ഇവിടെയും ബാബയിൽ നിന്നും ശക്തി ലഭിക്കുന്നു. പരമപിതാ പരമാത്മാവ് തന്നെ വന്ന് പവിത്രമായ മാർഗ്ഗം സ്ഥാപിക്കുന്നു. സത്യയുഗത്തിൽ ദേവീദേവതമാർ പവിത്രമായ കുടുംബമാർഗ്ഗത്തിലുള്ളവരായിരുന്നു. പവിത്രമായിരുന്നുകൊണ്ടും അവർക്ക് മക്കളുണ്ടായിരുന്നു. ഗൃഹസ്ഥത്തിലിരുന്നും പതിതമാകാതെ പവിത്രമായിരിക്കുന്നതിനുള്ള ശക്തി അവർക്ക് പരമപിതാ പരമാത്മാവ് എങ്ങനെ നല്കുന്നുവെന്ന് മനുഷ്യർക്കറിയില്ല. ദ്രൗപദി വിളിച്ചിരുന്നു- ദുശ്ശാസനൻ എന്റെ മാനം നഷ്ടപ്പെടുത്തുന്നുവെന്ന്, അങ്ങനെ ഇവിടെയും വളരെ കുട്ടികൾ വിളിക്കുന്നുണ്ട്. ഇപ്പോൾ പരമാത്മാവ് വന്ന് 21 ജന്മത്തേക്ക് പതിതമാകുന്നതിൽ നിന്നും നമ്മെ സംരക്ഷിക്കുന്നു. ദ്രൗപദി ഒരാൾ മാത്രമായിരുന്നില്ല, നിങ്ങളെല്ലാവരും ദ്രൗപദിമാരാണ്. നിങ്ങൾക്ക് ശിക്ഷണം ലഭിക്കുന്നുണ്ട്- പതി നിങ്ങളെ അടിച്ചാലും നിങ്ങൾ സഹിക്കണം കാരണം പവിത്രമാകാതെ പവിത്രമായ ലോകത്തിന്റെ അധികാരിയാകാൻ സാധിക്കില്ല. കല്പ കല്പം നിങ്ങൾ മാതാക്കൾ തന്നെയാണ് ശിവശക്തികളായി തീർന്നിട്ടുള്ളത്. ജഗദംബ സരസ്വതിയെ സിംഹത്തിന്റെ മേൽ സവാരി ചെയ്യുന്നതായി കാണിക്കുന്നുണ്ട്, ഇതും നിങ്ങളുടെ മഹിമയാണ്. ഇത് പതിത ലോകം അഥവാ ആസുരീയ ലോകമാണ്. പാവന ലോകം അർത്ഥം ഈശ്വരീയ ലോകം. അതിനാൽ രാമൻ വന്ന് രാമരാജ്യം സ്ഥാപിക്കുന്നു. പവിത്രതയാണ് ആദ്യം. കാമ വികാരം എത്ര ശക്തിശാലിയാണ്. നല്ല നല്ല മനുഷ്യർ പോലും പറയുന്നുണ്ട്- പവിത്രമായി ജീവിക്കാൻ അസാധ്യമാണെന്ന്. സത്യയുഗത്തിൽ ദേവീ ദേവതമാർ സമ്പൂർണ്ണ നിർവ്വികാരികളായിരുന്നു. നിങ്ങൾ മഹിമ പാടാറുണ്ട്- അങ്ങ് സർവ്വഗുണ സമ്പന്നനാണ്, ഞങ്ങൾ നീചരാണ്, പാപികളാണ് എന്ന്. അപ്പോൾ അവരെ അങ്ങനെ ആക്കുന്ന ആരെങ്കിലും ഉണ്ടായിരിക്കണമല്ലോ. ബാബ സംഗമയുഗത്തിൽ വന്ന് സത്യയുഗത്തിന്റെ സ്ഥാപന ചെയ്തിട്ടുണ്ട്. ബാബ തന്നെയാണ് വന്ന് ആസുരീയ ലോകത്തെ ദേവീക ലോകമാക്കുന്നത്. മനുഷ്യർ പതിതർ എന്ന വാക്കിന്റെ അർത്ഥം പോലും മനസ്സിലാക്കുന്നില്ല. നിങ്ങൾ വിളിക്കുന്നുണ്ട്-

ഞങ്ങൾ പതിതരാണ്, ഹേ പതിത പാവനാ വരൂ എന്ന്. ഭാരതം പവിത്രമായിരുന്നപ്പോൾ ഡബിൾ കിരീടധാരിയായിരുന്നു. ഇപ്പോൾ നിങ്ങൾ ഓരോരുത്തരുടെയും ചരിത്രത്തെ മനസ്സിലാക്കി. നിങ്ങൾ ബാബയുടേതായി മാറി. നിങ്ങളുടെ ബുദ്ധിയിൽ ഗോഡ്ഫാദർ തന്നെയാണ് ഉള്ളത്. ബാബ നിരാകാരനാണ്, പരംധാമിൽ വസിക്കുന്നു. അങ്ങനെയുള്ള ബാബയെ ഒട്ടും മനസ്സിലാക്കുന്നേയില്ല. മനുഷ്യർ ഈ സമയത്ത് തീർത്തും ദുഃഖിതരാണ്. മൃത്യുവിനെ എത്ര ഭയക്കുന്നു. ഇപ്പോൾ ബാബ പറയുന്നു മൃത്യു തൊട്ട് മുന്നിലാണ്. ആദ്യം രക്തത്തിന്റെ നദികളാണ് ഒഴുകാൻ പോകുന്നത് പിന്നെ പാലിന്റെ നദികൾ ഒഴുകും.

ഇപ്പോൾ ബാബ നിങ്ങളെ വിഷയ സാഗരത്തിൽ നിന്നും മോചിപ്പിച്ച് ക്ഷീര സാഗരത്തിലേക്ക് കൊണ്ടുപോകുന്നു. ലക്ഷ്മീ നാരായണൻ ക്ഷീര സാഗരം, സത്യയുഗത്തിലാണ്. ഇവിടെ പാൽ കുടിക്കാൻ പോലും ലഭിക്കുന്നില്ല, പൗഡർ ആണ് ലഭിക്കുന്നത്. സത്യയുഗത്തിൽ ഒരു വസ്തുവിന്റെയും കുറവ് ഉണ്ടായിരിക്കില്ല. ഭാരതം ആദ്യം സ്വർഗ്ഗമായിരുന്നു, ഇപ്പോൾ നരകമാണ്. പരസ്പരം നോവിച്ചു കൊണ്ടിരിക്കുന്നു. മുഖം മനുഷ്യന്റേതാണ് എന്നാൽ സ്വഭാവം മോശമാണ്. പരസ്പരം കലഹിച്ചു കൊണ്ടിരിക്കുന്നു. ഇത് പാപാത്മാക്കളുടെ ലോകമാണ് അതിനാൽ ശ്രേഷ്ഠത എവിടെ നിന്ന് ഉണ്ടാകും. ആരെങ്കിലും ദാന പുണ്യം ചെയ്താൽ ശ്രേഷ്ഠാചാരിയാകുമോ? ഇപ്പോൾ സർവ്വരും രാവണന്റെ നിർദ്ദേശമനുസരിച്ചാണ് നടക്കുന്നത്. ദേവതമാർ എത്ര പവിത്രവും സുഖിയുമായിരുന്നു. രാമ രാജ്യവും രാവണ രാജ്യവും എന്ന് പറയുന്നത് എന്തിനെയാണ് എന്നതും ഭാരതവാസികൾക്കറിയില്ല. രാമ രാജ്യം ആഗ്രഹിക്കുന്നുണ്ട്, എന്നാൽ അത് ആരാണ് സ്ഥാപിക്കുന്നത് എന്ന് അറിയുന്നില്ല. ഈ സമയത്ത് മനുഷ്യർ പൈസ കൊടുത്താൽ അവർ അതുപയോഗിച്ച് പാപം ചെയ്യുന്നു കാരണം ഇത് പാപാത്മാക്കളുടെ ലോകമാണ്. ഇപ്പോൾ നിങ്ങൾ ബാബയുടെ നിർദ്ദേശമനുസരിച്ച് നടക്കണം. ബാബയിൽ നിന്നും തീർച്ചയായും സമ്പത്തെടുക്കും എന്ന് നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. എന്നാൽ ഈ അന്തിമജന്മം പവിത്രമാകൂ, 63 ജന്മം നിങ്ങൾ വികാരത്തിൽ പോയി. ഇപ്പോൾ ഒരു ജന്മം പവിത്രതയുടെ സഹയോഗം നല്കൂ, അതിനാൽ പവിത്രമായി ജീവിക്കണം. കൃഷ്ണൻ പാവനമായിരുന്നു, പിന്നെ കാമചിതയിലിരുന്ന് പതിതമായി. വീണ്ടും ജ്ഞാന ചിതയിലിരിക്കുന്നതിലൂടെ സ്വർഗ്ഗത്തിന്റെ അധികാരിയായി തീരുന്നു. നിങ്ങൾ തന്നെയായിരുന്നു ദേവതമാർ, ഇപ്പോൾ അസുരൻമാരായി. ഇത് പൂജനീയരിൽ നിന്നും പൂജാരിയാകുന്ന ചക്രമാണ്, സന്യാസിമാർ പറയുന്നു ആത്മാവ് തന്നെ പരമാത്മാവ് എന്ന്. രാപകൽ വ്യത്യാസമാണ്. ഡ്രാമയനുസരിച്ച് സർവ്വരും അധഃപതിക്കുക തന്നെ വേണം. ഇപ്പോൾ നിങ്ങൾക്ക് ഗുരുക്കൻമാരുടേയും ഗുരു, പതിമാരുടെയും പതിയായ പരിധിയില്ലാത്ത അച്ഛനെ ലഭിച്ചു, അതിനാൽ ശ്രീമത്തനുസരിച്ച് നടക്കണം. പരമപിതാ പരമാത്മാവിനെ അംഗീകരിക്കാറുണ്ടല്ലോ. ശിവജയന്തിയും ആഘോഷിക്കുന്നുണ്ട്, പക്ഷെ ശിവബാബ വന്ന് എന്ത് ചെയ്തു! എങ്ങനെ ചെയ്തു? സോമനാഥ ക്ഷേത്രം വളരെ വലുതാക്കി ഉണ്ടാക്കിയിട്ടുണ്ട്. തീർച്ചയായും ഭാരതത്തിൽ തന്നെയാണ് വന്നിട്ടുള്ളത്. എങ്ങനെ വന്നു, എന്ത് ചെയ്തു, ഒന്നും അറിയില്ല. ഇതും പരമ്പരയായി നടന്നു വരുന്നു. ഗംഗയിലെ മേള, കുംഭ മേള പരമ്പരയായി നടന്നു വരുന്നതാണെന്ന് പറയുന്നു. ഇതെല്ലാം തെറ്റായിട്ടാണ് വ്യാഖ്യാനിക്കുന്നത്. സത്യയുഗം മുതൽ ലോകം പതിതമായിരുന്നോ? പറയുന്നതിന്റെ അർത്ഥമൊന്നും മനസ്സിലാക്കുന്നില്ല. ഇതിനെയാണ് ഭക്തി മാർഗ്ഗം എന്നു പറയുന്നത്. ക്രിസ്തു വന്നു, ഇനി എന്ന് വരും? ആർക്കും അറിയില്ല. പ്രദർശനിയിൽ നിങ്ങൾ ആയിരക്കണക്കിന് ആളുകൾക്ക് മനസ്സിലാക്കി കൊടുക്കുന്നുണ്ട്, എന്നാലും കോടിയിൽ ചിലരേ വരുന്നുള്ളൂ.

ഇപ്പോൾ നിങ്ങൾ പരിധിയില്ലാത്ത അച്ഛനിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് നേടുന്നു. നിങ്ങൾക്കറിയാം ഇപ്പോൾ ലോകം പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിങ്ങൾ പറയാറുണ്ട്– സന്യാസിമാരുടെ മുന്നിൽ പവിത്രമായി ജീവിച്ച് കാണിക്കും. പോകുന്തോറും അവർ അംഗീകരിക്കും– ഇവർക്ക് ശിക്ഷണം നല്കുന്നത് പരമപിതാ പരമാത്മാവാണ് എന്ന്. നിങ്ങൾ കേവലം ഇത് തെളിയിച്ച് മനസ്സിലാക്കി കൊടുക്കൂ– ബാബ സർവ്വവ്യാപിയല്ല, ഗീത കൃഷ്ണനല്ല ഉച്ചരിച്ചത് എന്ന്. അപ്പോൾ അവരുടെ ബുദ്ധി പ്രവർത്തിക്കും. ഇതെല്ലാം അവസാനം സംഭവിക്കും. കുട്ടികളാകുന്ന നിങ്ങൾ ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് പരംപിതാ പരമാത്മാവ് നമ്മുടെ അച്ഛനാണ് എന്ന്. ആദ്യം സൂക്ഷ്മ വതനത്തിൽ ബ്രഹ്മാവ്, വിഷ്ണു, ശങ്കരനെ രചിക്കുന്നു. ബ്രഹ്മാവാണ് പ്രജാപിതാവ്. ബ്രഹ്മാവ് തന്നെയാണ് ബ്രാഹ്മണരെ രചിക്കുന്നത്. ഏറ്റവും ഉയർന്നത് ബ്രാഹ്മണകുലമാണ്. ശിവബാബയുടേത് ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണരാണ്. അവർ ശരീര വംശാവലികളാണ്. ബാബയുടെ ശ്രീമതമനുസരിക്കുകയാണെങ്കിൽ പാവനമാകും. ദേഹധാരികളെ മറക്കണം. പരിശ്രമമില്ലേ. ഇപ്പോൾ നാടകം പൂർത്തിയാകുന്നു, അഭിനേതാക്കളെല്ലാം തിരിച്ച് പോകണം, ബാക്കി കുറച്ച് പേരേ അവശേഷിക്കുകയുള്ളൂ. രാമനും പോകും, രാവണനും പോകും ....ബാക്കി അവശേഷിക്കുന്നതാരായിരിക്കും? രണ്ട് ഭാഗത്തും കുറച്ച് പേർ അവശേഷിക്കും, ബാക്കി സർവ്വരും തിരിച്ച് പോകും. കെട്ടിടം പണിയുന്നവരും,വൃത്തിയാക്കുന്നവരും അവശേഷിക്കും. സമയം വേണമല്ലോ. നമ്മളും പോകും. നിങ്ങൾക്ക്

രാജധാനിയിൽ ജന്മം ലഭിക്കും. അവർ ശുദ്ധീകരണം ചെയ്യുന്നു. ബാബ പറഞ്ഞിട്ടുണ്ട് വിജയം ഉണ്ടാകുന്ന ഇടത്ത് നമ്മൾ ജന്മമെടുക്കും. ഭാരതത്തിൽ തന്നെ വിജയം ഉണ്ടാകും. ബാക്കി സർവ്വതും നശിക്കും. ധനവാൻമാരായ രാജാക്കൻമാർ അവശേഷിക്കും, അവരുടെയടുത്ത് ജന്മമെടുക്കും. നിങ്ങൾ മുഴുവൻ സൃഷ്ടിയുടെയും അധികാരിയാകണം. ഇവിടെയുള്ള ധനവും സമ്പത്തുമൊന്നും നിങ്ങൾക്ക് അവിടെ ഉപയോഗപ്പെടില്ല. ഇവിടത്തെ സമ്പാദ്യം കാൽക്കാശിന് വിലയില്ലാത്തതാണ്. അവിടെ സർവ്വതും പുതിയതായി തീരും. രത്നങ്ങളുടെയും വജ്രങ്ങളുടെയും ഖനികൾ നിറഞ്ഞിരിക്കും. ഇല്ലായെങ്കിൽ കൊട്ടാരം എങ്ങനെയുണ്ടാകും. ഇതെല്ലാം മനസ്സിലാക്കുന്നതിന് എത്ര നല്ല ബുദ്ധി വേണം.
നിങ്ങൾ കുട്ടികൾ ഇപ്പോൾ ഡബിൾ അഹിംസകരായി മാറുന്നു, നിങ്ങൾക്കറിയാം നമുക്ക് ഒരു പ്രകാരത്തിലുമുള്ള ഹിംസയും ചെയ്യാൻ സാധിക്കില്ല. ഇവിടെ ഡബിൾ ഹിംസയാണ് നടക്കുനത്. സത്യയുഗത്തിൽ ഹിംസയേയില്ല. അതിനെ സ്വർഗ്ഗം എന്നാണ് പറയുന്നത്. ബാബ പറയുന്നു നിങ്ങൾ മനസ്സിലാക്കുന്നുണ്ടല്ലോ- ഈ ജ്ഞാനം എടുക്കുക എന്നത് സമ്പന്നർക്ക് പ്രയാസമാണ്. ബാബ ദരിദ്രരുടെ നാഥനാണ്, ദാതാവാണ്. ഈ കെട്ടിടങ്ങളെല്ലാം നിങ്ങൾക്കുള്ളതാണ്. നിങ്ങളെയാണ് വിശ്വത്തിന്റെ അധികാരിയാക്കുന്നത്. അപ്പോൾ ഞാൻ എന്തിന് പുതിയ കെട്ടിടത്തിൽ വസിക്കണം. ഈ ബാബ പറയുന്നു ഞാൻ വസിക്കില്ല എന്ന്. ബാബ പറയുന്നു- ഞാൻ ഇരിക്കുന്നില്ലായെങ്കിൽ നിങ്ങൾ എങ്ങനെയിരിക്കും! ശിവബാബ പറയുന്നു- ഞാൻ അഭോക്താവാണ്, ചിന്തയില്ലാത്തവനാണ്, ഇതിന്റെയെല്ലാം അർത്ഥമെന്താണെന്ന് നിങ്ങൾക്കറിയാം. ശരി

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഇപ്പോൾ നാടകം പൂർത്തിയായി കൊണ്ടിരിക്കുന്നു, തിരികെ വീട്ടിലേക്ക് പോകണം അതിനാൽ തീർച്ചയായും പാവനമാകണം. ഒരു ദേഹധാരിയെയും ഓർമ്മിക്കരുത്.

2) ബാബയിൽ നിന്നും ശക്തിയെടുത്ത് ഈ അന്തിമ ജന്മത്തിൽ സ്ത്രീ പുരുഷനായി ഒന്നിച്ചു കഴിഞ്ഞും പവിത്രമായി കാണിക്കണം. പരിധിയില്ലാത്ത അച്ഛനെ ലഭിച്ചു അപ്പോൾ തീർച്ചയായും ബാബയുടെ ശ്രീമതമനുസരിച്ച് നടക്കണം.

## വരദാനം:- തന്റെ ദേവതാ സംസ്ക്കാരങ്ങളെ പ്രത്യക്ഷമാക്കി ദിവ്യതയുടെ അനുഭവം ചെയ്യുന്ന വ്യർത്ഥത്തിൽ നിന്നും നിഷ്ക്കളങ്കരും, അവിദ്യാസ്വരൂപരുമായി ഭവിക്കൂ

എപ്പോൾ താങ്കൾ കുട്ടികൾ തന്റെ സത്യയുഗീ രാജ്യത്തിലായിരുന്നോ അപ്പോൾ വ്യർത്ഥം അല്ലെങ്കിൽ മായയിൽ നിന്ന് നിഷ്ക്കളങ്കരായിരുന്നു അതുകൊണ്ടാണ് ദേവതകളെ സെയ്ന്റ് അഥവാ മഹാൻ ആത്മാക്കളെന്ന് പറയുന്നത്. അതുകൊണ്ട് തന്റെ അതേ സംസ്ക്കാരം ഇമർജ് ചെയ്ത്, വ്യർത്ഥത്തിന്റെ അവിദ്യാ സ്വരൂപരാകൂ. സമയം, ശ്വാസം, വാക്ക്, കർമ്മം, സർവ്വതിലും വ്യർത്ഥത്തിന്റെ അവിദ്യ അർത്ഥം നിഷ്കളങ്കർ. എപ്പോൾ വ്യർത്ഥത്തിന്റെ അവിദ്യയുണ്ടാകുന്നോ അപ്പോൾ ദിവ്യത സ്വതവേയും സഹജവുമായി അനുഭവമാകും അതുകൊണ്ട് ഇങ്ങനെ ചിന്തിക്കരുത് പുരുഷാർത്ഥം ചെയ്തു കൊണ്ടിരിക്കുകയാണ് - എന്നാൽ, പുരുഷനായി ഈ രഥത്തിലൂടെ കാര്യം ചെയ്യിക്കൂ. ഒരു തവണയിലെ തെറ്റ് രണ്ടാമത് ആവർത്തിക്കരുത്.

## സ്ലോഗൻ:- ആത്മീയ റോസാപുഷ്പം അവരാണ് ആരാണോ മുള്ളുകൾക്കിടയിൽ കഴിഞ്ഞുകൊണ്ടും വേറിട്ടവരും പ്രിയപ്പെട്ടവരുമായി കഴിയുന്നത്.

### മാതേശ്വരിജിയുടെ അമൂല്യ മഹാവാക്യം

പല മനുഷ്യരും ചോദ്യം ചോദിക്കാറുണ്ട് നമ്മൾ ആത്മാവാണ് എന്നതിന് എന്താണ് തെളിവുള്ളത്! ഇപ്പോൾ ഇതിൽ മനസ്സിലാക്കി കൊടുക്കുന്നു, എപ്പോൾ നമ്മൾ പറയുന്നോ ഞാൻ ആത്മാവ് ആ പരമാത്മാവിന്റെ സന്താനമാണ്, ഇപ്പോൾ ഇത് സ്വയം സ്വയത്തോട് ചോദിക്കേണ്ട കാര്യമാണ്. നമ്മൾ മുഴുവൻ ദിവസവും

ഞാൻ ഞാൻ എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു, അത് എന്ത് ശക്തിയാണ് പിന്നീട് നമ്മൾ ആരെയാണോ ഓർമ്മിക്കുന്നത് അത് നമ്മുടെ ആരാണ്? എപ്പോൾ ഒരാളെ ഓർമ്മിക്കുന്നോ അപ്പോൾ തീർച്ചയായും നമ്മൾ ആത്മാക്കൾക്ക് അവരിലൂടെ എന്തോ ആവശ്യമായുണ്ട്, എപ്പോഴും ആ ഓർമ്മ ഉണ്ടായിരിക്കുന്നതിലൂടെ തന്നെ നമുക്ക് അവരിലൂടെ പ്രാപ്തി ഉണ്ടാകും. നോക്കൂ, മനുഷ്യർ എന്തെല്ലാമാണോ ചെയ്യുന്നത്, തീർച്ചയായും മനസ്സിൽ എന്തെങ്കിലുമെല്ലാം ശുഭമായ ഇച്ഛ അവശ്യമുണ്ടായിരിക്കും, ചിലർക്ക് സുഖത്തിന്റെ, ചിലർക്ക് ശാന്തിയുടെ ഇച്ഛയാണുള്ളത് തീർചച്ചയായും എപ്പോഴാണോ ഇച്ഛ ഉത്പന്നമാകുന്നത് അപ്പോൾ അവശ്യം ഏതെങ്കിലും സ്വീകരിക്കുന്ന ആളും ഉണ്ടായിരിക്കും അവരിലൂടെയാണ് ഇച്ഛ പൂർത്തിയാകുന്നത് അവർ അവശ്യം നൽകുന്ന ആളാണ്, അതുകൊണ്ടാണ് അവരെ ഓർമ്മിക്കുന്നത്. ഇപ്പോൾ ഈ രഹസ്യത്തെ പൂർണ്ണമായ രീതിയിൽ മനസ്സിലാക്കണം, അതാരാണ്? ഈ സംസാരിക്കുന്ന ശക്തി ഞാൻ സ്വയം ആത്മാവാണ്, അതിന്റെ രൂപം ജ്യോതിർ ബിന്ദു സമാനമാണ്, എപ്പോഴാണോ മനുഷ്യർ സ്ഥൂലമായ ശരീരം ഉപേക്ഷിക്കുന്നത് അപ്പോളത് വേർപെട്ട് പോകുന്നു, എന്നാൽ ഈ കണ്ണുകൾ കൊണ്ട് കാണാൻ സാധിക്കുന്നില്ല, ഇപ്പോൾ ഇതിൽ നിന്ന് വ്യക്തമാകുന്നത് അതിന് സ്ഥൂല രൂപമില്ല എന്നാൽ മനുഷ്യർ അവശ്യം അനുഭവിക്കുന്നുണ്ട് അതായത് ആത്മാവ് പോയി. അപ്പോൾ നമ്മൾ അവരെ ആത്മാവ് എന്ന് തന്നെ പറയും ആ ആത്മാവ് ജ്യോതി സ്വരൂപമാണ്, അപ്പോൾ ആത്മാവിന്റെ രചയിതാവായ പരമാത്മാവിന്റെയും രൂപം അതിന് സമാനമായിരിക്കും, ആര് ഏതുപോലെയാണോ അവരുടെ സൃഷ്ടിയും അതുപോലെ തന്നെയായിരിക്കും. പിന്നീട് നമ്മൾ ആത്മാക്കൾ എന്തുകൊണ്ടാണ് ആ പരമാത്മാവിനെ നമ്മൾ എല്ലാ ആത്മാക്കളിലും ഉയർന്നതാണ് എന്ന് പറയുന്നത്? എന്തുകൊണ്ടെന്നാൽ അവരിൽ മായയുടെ യാതൊരു രേഖപ്പെടുത്തലുകളും പതിയുന്നില്ല. ബാക്കി നമ്മൾ ആത്മാക്കളിൽ മായയുടെ രേഖപ്പെടുത്തലുകൾ അവശ്യം പതിയുന്നുണ്ട് എന്തുകൊണ്ടെന്നാൽ നമ്മൾ ജനന–മരണത്തിന്റെ ചക്രത്തിൽ വരുന്നു. ഇപ്പോൾ ഇതാണ് ആത്മാവിലും പരമാത്മാവിലുമുള്ള അന്തരം. ശരി – ഓം ശാന്തി.